# ഒന്നര മാസത്തെ നീരയിലൂടെ വരുമാനം 750000 രൂപ

കൊച്ചി: കേരളത്തിലെ കർഷകന് ഒരു തെങ്ങിൽ നിന്ന് ഒരു മാസം നീരയിലൂടെ ലഭിച്ച വരുമാനം 1800 രൂപ. പാലക്കാട് ജില്ലയിലെ ചപ്പക്കാട് സ്വദേശി ടോം തോമസിന് ഒന്നര മാസത്തെ നീരയ്ക്ക് പ്രതിഫലമായി മുതലമട ഫെഡറേഷനിൽ നിന്നു ലഭിച്ച തുകയാണ് 46048 രൂപ. ടോമിന്റെ 17 തെങ്ങുകളാണ് ടാപ്പ് ചെയ്തിരുന്നത്. കണക്കു കൂട്ടുമ്പോൾ ഒരു മാസം ഒരു തെങ്ങിൽ നിന്ന് ശരാശരി 1800 രൂപയോളം ആദായം ലഭിച്ചു. പാലക്കാട്ടെ തന്നെ പെരിയപതിക്കാട് സ്വദേശി ഉതുപ്പിന് ഒരു മാസത്തെ പ്രതിഫലം ലഭിച്ചത് 22879 രൂപ. 11 തെങ്ങുകളിൽ നിന്നാണ് ഉതുപ്പിന് ഈ ആദായം ലഭിച്ചത്. ഇടുക്കിപ്പാറ സ്വദേശി ഫാ. തോമസിന് പത്തു തെങ്ങുകൾ ഒരു മാസം ടാപ്പ് ചെയ്ത ഇനത്തിൽ ലഭിച്ചത് 11599 രൂപ. മൂന്നു കർഷകർക്കുമായി ഒന്നര മാസത്തെ ആദായം 75000 രൂപയാണ് പാലക്കാട് കമ്പനി കഴിഞ്ഞയാഴ്ച്ച വിതരണം ചെയ്തത്.